സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലൂടെയും, തമിഴ്നാട്ടിലൂടെയുമായി 400 കിലോമീറ്റർ ദൈർഘ്യത്തിൽ തൃശ്ശൂർ കന്യാകുമാരി പാത നാഷണൽ എക്സ്പ്രസ് വേ നെറ്റ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ പാത തൃശ്ശൂരിനപ്പുറത്ത് വടക്കോട്ട് കാസർഗോഡ് വരെ നീട്ടണമെന്ന് 28-10-2009-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

ഡാമുകളുടെ നവീകരണം

29 (*239) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകൾ ബലപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള ലോകബാങ്കിന്റെ ഡ്രിപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിക്കാണ് ലോകബാങ്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് സഹായം ലഭ്യമാക്കാൻ ഏതൊക്കെ ഡാമുകളുടെ പേരുകളാണ് സമർപ്പിച്ചിരുന്നത് ;

(ഡി) ഇപ്പോൾ അംഗീകരിച്ച ഡാമുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ താഴെ പറയുന്നു :

പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ (മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ

വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ് :

പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയും ലോകബാങ്ക് അധികൃതർ ഇത് തത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ (മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ എന്നിവയുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ എന്നിവയുടെയും പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡാമുകളുടെ കാലപ്പഴക്കമാണ് മുൻഗണന നിശ്ചയിക്കുന്നതിന് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയാണ് ഒന്നാം ഘട്ടത്തിലെ പദ്ധതികളെ തെരഞ്ഞെടുത്തത്.

ചവറയിൽ പി.വി.സി. പൈപ്പ് ഫാക്ടറി ആരംഭിക്കാൻ നടപടി

30 (*240) ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിക്ക് കീഴിൽ ചവറയിൽ പി.വി.സി. പൈപ്പ് ഫാക്ടറി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഫാക്ടറിയുടെ നിർമ്മാണ ചുമതല ഏതു കമ്പനിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫാക്ടറിയുടെ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ ധാരണാപത്രത്തിന്റെ വിശദാംശം നൽകുമോ ;

(ഡി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly